"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഡിജിറ്റൽ സർവ്വെയുമായി ബന്ധപ്പെട്ട് കാണം, കുഴിക്കാണം, പാട്ടം, വെറുംപാട്ടം, ശാശ്വത കൈവശം മുതലായവ പ്രകാരം കൈവശമുള്ള വസ്തുകളുടെ ഫോറം 50 തയ്യാറാക്കുന്നതിന് മാർഗ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.63/2024/RD തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:- സർവ്വെ ഡയറക്ടറുടെ 15.07.2023 ലെ DSLR/2492/2023-B9 നമ്പർ കത്ത്

**ഉത്തരവ്**

1. ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന സർവ്വെ റിക്കാർഡുകൾ കുറ്റമറ്റതും കൂടുതൽ കാര്യക്ഷമവുമായാൽ മാത്രമേ സുതാര്യമായ റവന്യൂ ഭരണത്തിന് ടി റിക്കാർഡുകൾ പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂയെന്നും ഡിജിറ്റൽ സർവ്വെയുമായി ബന്ധപ്പെട്ട് സർവ്വെ ഉദ്യോഗസ്ഥർ റെലിസ് ഡാറ്റ, വിവിധ ലാൻഡ് റിക്കാർഡുകൾ എന്നിവ പരിശോധിച്ച് ഫോറം 50 ൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ വസ്തുവിന്റെയും ലാൻഡ് രജിസ്റ്റർ തയ്യാറാക്കുന്നതെന്നും, കാണം, കുഴിക്കാണം, പാട്ടം, വെറുംപാട്ടം, ശാശ്വത കൈവശം തുടങ്ങിയവ പ്രകാരം കൈവശം അനുഭവിക്കുന്നതും സർക്കാരിൽ നിന്നും ക്രയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതുമായ വസ്തുക്കളിൽ മുൻകാലങ്ങളിൽ റീസർവ്വെ ചെയ്യുമ്പോൾ ചില സ്ഥലങ്ങളിലെങ്കിലും ആധാരപ്രകാരമുള്ള കക്ഷിയെ "Occupant" ന്റെ കോളത്തിൽ രേഖപ്പെടുത്തി ഫോറം 50 തയ്യാറാക്കുന്ന പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ ടി റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുമ്പോൾ "Tenancy" സംബന്ധിച്ച് വ്യാപകമായ ഭൂപരാതികൾ ഉയർന്നുവരാൻ കാരണമാകുന്നതും ഡിജിറ്റൽ സർവ്വെ റിക്കാർഡുകളുടെ കാര്യക്ഷമതയെ ബാധിക്കുന്നതുമാണെന്നും ആയതിനാൽ ടി കൈവശാനുഭവ പ്രകാരമുള്ള വസ്തുക്കളുടെ ഫോറം 50 തയ്യാറാക്കുമ്പോൾ കൂടുതൽ കാര്യക്ഷമതയും കൃത്യതയും കൈവരിക്കുന്നതിലേക്കുമായി സർവ്വെ ഉദ്യോഗസ്ഥർ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സർവ്വെ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

i. കാണം, കുഴിക്കാണം, പാട്ടം, വെറുംപാട്ടം, ശാശ്വത കൈവശം തുടങ്ങിയവ പ്രകാരം കൈവശം അനുഭവിക്കുന്നതും വില്ലേജിൽ തണ്ടപ്പേർ പ്രകാരം കരം തീരുവയുള്ളതുമായ വസ്തുവിൽ ഏറ്റവും പുതിയ റവന്യൂ രേഖകൾ പ്രകാരമുള്ള തണ്ടപ്പേർ കക്ഷിയെ "Land Owner" ടെ കോളത്തിൽ ചേർത്ത്, Tenancy സെറ്റിൽമെന്റ് ഇഷ്യൂവായി ഫോറം 50 ൽ രേഖപ്പെടുത്തുന്നതിനുള്ള അനുമതി.

ii. മേൽ സൂചിപ്പിച്ച പ്രകാരം കൈവശം വച്ചനുഭവിക്കുന്നതും, വില്ലേജിൽ കരം തീരുവ ഇല്ലാത്തതും മറ്റ് അവകാശ രേഖകളൊന്നുമില്ലാത്തതുമായ വസ്തുക്കൾ സംബന്ധിച്ച് "Land Owner" ടെ കോളം റവന്യൂ റിക്കാർഡിൻ പ്രകാരവും കൈവശക്കാരന്റെ കോളം നടപ്പ് കൈവശമനുസരിച്ചും ചേർത്ത് Tenancy സെറ്റിൽമെന്റ് ഇഷ്യൂവായി ഫോറം 50 ൽ രേഖപ്പെടുത്തുന്നതിലേക്കായുള്ള അനുമതി.

iii. റെലിസ് ഡാറ്റ, വിവിധ ലാൻഡ് റിക്കാർഡുകൾ എന്നിവ പ്രകാരം സർക്കാർ

പുറമ്പോക്കിൽ നിയമാനുസൃതമല്ലാതെ മേൽ സൂചിപ്പിച്ച കൈവശങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത വസ്തു പുറമ്പോക്കിൽ നിലനിർത്തി തന്നെ ഫോറം 50 ൽ രേഖപ്പെടുത്തി സർവ്വെ ചെയ്യുന്നതിനുള്ള അനുമതി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിജിറ്റൽ സർവ്വെയിലൂടെ തയ്യാറാക്കുന്ന സർവ്വെ റിക്കാർഡുകൾ കുറ്റമറ്റതും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഡിജിറ്റൽ സർവ്വെയെ തുടർന്നുള്ള ഭൂപരാതികൾ കുറയ്ക്കുന്നതിനുമായി മേൽ ഖണ്ഡികയിൽ ആവശ്യപ്പെട്ട പ്രകാരം ഫോറം 50 ൽ രേഖപ്പെടുത്തുന്നതിന് സർവ്വെ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

സർവ്വേ ഡയറക്ടർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇ3/326/2023-റവ)

ഉത്തരവിൻ പ്രകാരം
Signed by
Joshy.k.l
സെക്ഷൻ ഓഫീസർ
Date: 14-03-2024 15:08:51